വിവര സാങ്കേതിക വിദ്യാധിഷ്ഠിത സേവനങ്ങൾ

15(2053) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. എ. മാധവൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ രംഗത്ത് വിവരസാങ്കേതിക വിദ്യാധിഷ്ഠിത സേവനങ്ങൾക്ക് കർമ്മ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരസാങ്കേതിക വിദ്യാധിഷ്ഠിത സേവനങ്ങൾ മുഖേന താഴെപ്പറയുന്ന ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട് :

- മാനവ വിഭവശേഷി വിഭാഗത്തിന്റെ കമ്പ്യൂട്ടർവൽക്കരണം ഹ്യൂമൻ റിസോഴ്സ് ഇൻഫർമേഷൻ സിസ്റ്റം മുഖേന നടപ്പിലാക്കി.
- എല്ലാ വൈദ്യുതി ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. കെ.എസ്.ഇ.ബി.എൽ.-ന്റെ ഔദ്യോഗിക വെബ്സൈറ്റ് ആയ www.Kseb.in മുഖേന പ്രമുഖ ബാങ്കുകൾ വഴി നെറ്റ് ബാങ്കിംഗിലൂടെയും, വിസാ/മാസ്റ്റർ കാർഡ് തുടങ്ങിയ ഡെബിറ്റ്/ ക്രെഡിറ്റ് കാർഡുകൾ മുഖേനയും ഇന്റർനെറ്റ് വഴി ഓൺലൈനായാണ് വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുള്ളത്.
- മെറ്റീരിയൽസ് മാനേജ്മെന്റ് വിഭാഗത്തിന്റെ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കി.
- ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ ഭാഗമായി വൈദ്യുതി ബോർഡ് ആരംഭിച്ചിട്ടുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃത സംവിധാനം വഴി ഉപഭോക്താക്കൾക്ക് സംശയ നിവാരണത്തിനും പരാതികൾ രജിസ്റ്റർ ചെയ്യുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകാനുമുള്ള സേവനം, നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

- ഇ-ടെണ്ടർ സംവിധാനം മുഖേന 5 ലക്ഷം വരെയുള്ള ടെണ്ടർ നടപടികൾ കമ്പ്യൂട്ടർവൽക്കരിച്ചു.
- ഓഫീസുകളുടെ പ്രവർത്തനം നവീകരിക്കുന്നതിനുവേണ്ടി ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തി വരുന്നു.
- കെ.എസ്.ഇ.ബി.എൽ.-ന്റെ മുഴുവൻ അക്കൗണ്ടിംഗ് സംവിധാനവും SARAS സോഫ്റ്റ് വെയർ ഉപയോഗിച്ച് കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. സെക്ഷൻ ഓഫീസ് മുതൽ കോർപ്പറേറ്റ് ഓഫീസ് വരെ എല്ലാ അക്കൗണ്ടിംഗും ഇതുവഴിയാണ് ചെയ്യുന്നത്. കൂടാതെ വിവര സാങ്കേതികവിദ്യ ഉപയോഗിച്ച് വിതരണ മേഖലയിലെ പ്രസരണ-വിതരണ നഷ്ടം (AT&C loss) 15%-ൽ താഴെ കുറയ്ക്കുവാൻ വേണ്ടി ആർ.എ.പി.ഡി.ആർ.പി. പാർട്ട്-എ യുടെ ഭാഗമായിട്ടുള്ള വിവരസാങ്കേതിക വിദ്യ പദ്ധതികൾ നടപ്പിലാക്കുന്നു.

സ്മാഡ പദ്ധതിയിൽ വിതരണ മേഖലയിലെ ഉപകരണങ്ങളുടെ കേന്ദ്രീകൃത നിയന്ത്രണവും അതുമുഖേന വൈദ്യുതി തടസ്സങ്ങൾ പരമാവധി കുറയ്ക്കുന്നതിനും ലക്ഷ്യമിടുന്നു.

(സി) മേൽപ്പറഞ്ഞ വിവിധ കമ്പ്യൂട്ടർവൽകൃത സോഫ്റ്റ് വെയറുകൾ പ്രവർത്തിപ്പിക്കാനായി ബൃഹത്തായ പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു. ഉപഭോക്തൃസേവനം, പരാതി പരിഹാരം, ഹ്യൂമൻ റിസോഴ്സ് ഇൻഫർമേഷൻ സിസ്റ്റം, SARAS, ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന പുതിയ സോഫ്റ്റ്വെയറുകൾ തുടങ്ങിയവയിൽ വിവിധ തലങ്ങളിലെ ജീവനക്കാർക്ക് തുടർച്ചയായ പരിശീലന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ.-ന്റെ എല്ലാ ഡിവിഷൻ ഓഫീസുകളും, കേന്ദ്രീകരിച്ച് മീറ്റിംഗുകൾ വിളിച്ചു കൂട്ടുകയും കേന്ദ്രീകൃത ഉപഭോക്തൃ സേവന സംവിധാനം, ഓൺലൈൻ സംവിധാനം എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജീവനക്കാർക്ക് ഇവ ഫലപ്രദമായി പ്രവർത്തിക്കുന്നതിനുവേണ്ടി ചെയ്യേണ്ട കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കെ.എസ്.ഇ.ബി.എൽ. ചെയർമാന്റെ അദ്ധ്യക്ഷതയിൽ വിതരണ വിഭാഗത്തിലെ ഉയർന്ന ഓഫീസർമാരുടെ യോഗം വിളിച്ചു ചേർത്ത് ഓൺലൈൻ സംവിധാനം ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതു സംബന്ധിച്ച നടപടികൾ വിലയിരുത്തുകയും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly